# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ജനുവരി 31, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1133/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | :ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | :ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | :ഡോ.ടി.എം.തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചരമോപചാരം**

തോമസ് ചാണ്ടിയുടെ നിര്യാണം ...1

**II. അറിയിപ്പ്**

പരിശീലന പരിപാടി ....20

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

*2020 ജനുവരി 31, വെള്ളി*

വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2020 ജനുവരി മാസം 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

9.00 A.M.]

<u>മി. സ്പീക്കർ:</u> ഓർഡർ.....ഓർഡർ.....

### I ചരമോപചാരം

<u>തോമസ് ചാണ്ടിയുടെ നിര്യാണം</u>

മുൻമന്ത്രിയും എൻ.സി.പി. സംസ്ഥാന പ്രസിഡന്റും പതിനാലാം കേരള നിയമസഭയിൽ അംഗവുമായിരുന്ന തോമസ് ചാണ്ടി 2019 ഡിസംബർ 20-ന് നിര്യാതനായി. വി. സി. തോമസ്, ഏലിയാമ്മ ദമ്പതികളുടെ മകനായി 1947 ആഗസ്റ്റ് 29-ന് ആലപ്പുഴ ജില്ലയിലെ ചേന്നങ്കരിയിൽ ജനിച്ചു.

കെ.എസ്.യു. പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ച അദ്ദേഹം 2006, 2011, 2016 എന്നീ വർഷങ്ങളിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പതിനാലാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട തോമസ് ചാണ്ടി 1-4-2017 മുതൽ 15-11-2017 വരെ ഗതാഗത വകുപ്പുമന്ത്രിയായി ചുമതല നിർവ്വഹിച്ചിരുന്നു. കൂടാതെ എൻ.സി.പി. ദേശീയ വർക്കിംഗ് കമ്മിറ്റി അംഗം, നിയമസഭാകക്ഷി നേതാവ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

മികച്ച സാമൂഹ്യ പ്രവർത്തകനും കഴിവുറ്റ വ്യവസായിയുമായിരുന്ന തോമസ് ചാണ്ടി. ഹോട്ടൽ, വിദ്യാഭ്യാസം എന്നീ മേഖലകളിലെ അറിയപ്പെടുന്ന പ്രവാസി വ്യവസായി ആയിരുന്നു. കുവൈറ്റ് യുദ്ധസമയത്ത് ഇന്ത്യാക്കാരുടെ ആവശ്യങ്ങൾ വിവിധ അധികാരകേന്ദ്രങ്ങളിലെത്തിച്ച് പരിഹാരം കാണാൻ അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. കുവൈറ്റിലെ യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ, ഇന്ത്യൻ

പബ്ലിക് സ്കൂൾ, ഇന്ത്യൻ സെൻട്രൽ സ്കൂൾ, റിയാദിലെ അലിയ ഇന്റർനാഷണൽ സ്കൂൾ എന്നിവയുടെ സ്ഥാപകനാണ്. ആലപ്പുഴയിൽ റിസോർട്ട്, ഹൗസ്ബോട്ട് വ്യവസായവും നടത്തിയിരുന്നു. രാഷ്ട്രീയത്തിൽ മാത്രമല്ല ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമായിരുന്നു. പ്രളയമുൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ കുട്ടനാട്ടുകാർക്കൊപ്പംനിന്ന് അവരുടെ കണ്ണീരൊപ്പിയ നേതാവായിരുന്നു തോമസ് ചാണ്ടി. ദാവീദ് പുത്രാ ചാരിറ്റബിൾ സൊസൈറ്റി എന്ന പേരിൽ ആരംഭിച്ച ജീവകാരുണ്യ പ്രസ്ഥാനത്തിലൂടെ കുട്ടനാട്ടിലെ സാധുക്കളായ ജനവിഭാഗത്തിന് തുണയായി. കുവൈറ്റിലെ ആശുപത്രികളിൽ ജോലി വാഗ്ദാനം ചെയ്ത് കബളിപ്പിക്കപ്പെട്ട നഴ്സുമാരുടെ പുനരധിവാസത്തിനായി അദ്ദേഹം നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. കൂടാതെ കുവൈറ്റിൽ മലയാളികൾ അധിവസിക്കുന്ന പ്രദേശത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി നടത്തിയ പ്രവർത്തനങ്ങളും ഏറെ ശ്രദ്ധ പിടിച്ചുപറ്റി. കായൽ ടൂറിസത്തിന് സാധ്യതകളൊന്നും കൽപ്പിക്കാതിരുന്ന കാലത്ത് തന്റെ വിദേശാനുഭവങ്ങളുടെ ബലത്തിൽ കേരളത്തിന്റെ കായൽ ടൂറിസം മേഖലയിൽ മുതൽമുടക്കാൻ ധൈര്യം കാണിച്ച ആളായിരുന്നു. കുട്ടനാട്ടിൽ ജനിച്ചുവളർന്നതുകൊണ്ടാകാം കായലിനോടും വള്ളംകളിയോടും അതീവ തല്പരനായിരുന്നു. ദീർഘകാലം നെഹ്റു ട്രോഫി വള്ളംകളിയുടെ പ്രധാന സംഘാടകനായിരുന്നു. പ്രത്യുൽപ്പന്നമതിത്വവും പ്രായോഗികതയുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര.

രാഷ്ട്രീയത്തിനതീതമായ വ്യക്തിബന്ധങ്ങളായിരുന്നു തോമസ് ചാണ്ടിയുടേത്. നിയമസഭയ്ക്കകത്തും പുറത്തും വിശാലമായ സൗഹൃദം കൈമുതലായുണ്ടായിരുന്ന വ്യക്തിയായിരുന്നു. അതിന് കക്ഷിരാഷ്ട്രീയ വ്യത്യാസങ്ങൾ ഒരിക്കലും തടസ്സമായിരുന്നില്ല. തികഞ്ഞ മനുഷ്യസ്നേഹിയായ ഒരു രാഷ്ട്രീയ നേതാവിനെയും കരുത്തുറ്റ ഒരു വ്യവസായിയെയുമാണ് തോമസ് ചാണ്ടിയുടെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തോമസ് ചാണ്ടിയെക്കുറിച്ച് അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. എൻ.സി.പി. നേതാവ്, നിയമസഭാംഗം, പ്രഗത്ഭനായ മന്ത്രി എന്നീ നിലകളിൽ മികവാർന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു തോമസ് ചാണ്ടി. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗത്തേയ്ക്ക് കടന്നുവന്ന തോമസ് ചാണ്ടി ദേശാന്തര പ്രശസ്തിയുള്ള വ്യവസായ സംരംഭകൻ കൂടിയായിരുന്നു. ആ നിലയ്ക്കുള്ള പണവും പ്രശസ്തിയും ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് പടർന്നുകയറുന്ന വ്യവസായ സാമ്രാജ്യം സ്ഥാപിക്കാൻ വേണമെങ്കിൽ അദ്ദേഹത്തിന് ഉപയോഗിക്കാമായിരുന്നു. എന്നാൽ അതിലല്ല മറിച്ച് നേടിയതെല്ലാം നാടിനും

നാട്ടുകാർക്കും ഉപകരിക്കുന്ന വിധത്തിൽ കുട്ടനാട്ടിൽ വന്ന് പ്രവർത്തിക്കാനാണ് വിദേശവാസഘട്ടത്തിൽപ്പോലും അദ്ദേഹം ആഗ്രഹിച്ചത്. അതുകൊണ്ടുതന്നെ യാണ് പല സാധ്യതകളും ഉപേക്ഷിച്ച് വിദേശവാസാനന്തരം നാട്ടിൽത്തന്നെ കേന്ദ്രീകരിച്ചതും നാടിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിച്ചതും.

2006-ലാണ് കുട്ടനാടിനെ പ്രതിനിധീകരിച്ച് ആദ്യമായി ഈ സഭയിലെത്തിയത്. പിന്നീട് 2011, 2016 വർഷങ്ങളിൽ സാമാജികനായി നിയമസഭയിലെത്തി. 2017 ഏപ്രിൽ മാസത്തിൽ ഗതാഗത വകുപ്പുമന്ത്രിയായി. കാര്യക്ഷമമായ നിലയിലാണ് തന്റെ വകുപ്പ് അദ്ദേഹം കൈകാര്യം ചെയ്തത്. മുഴുവൻ വോട്ടർമാർക്കും പ്രാപ്യനായ ജനപ്രതിനിധി എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. ആർക്ക് എന്ത് സഹായം ആവശ്യമുണ്ടായാലും സ്വന്തംനിലയ്ക്ക് നിർവ്വഹിച്ചുകൊടുക്കാനുള്ള മനസ്സുണ്ടായിരുന്നു. ജീവകാരുണ്യ രംഗത്ത് ആരെയും അറിയിക്കാതെ അദ്ദേഹം ചെയ്ത കാര്യങ്ങൾ അളവില്ലാത്തതാണ്. ഒരു കൈകൊണ്ട് നൽകുന്ന സഹായം മറുകൈ അറിയരുതെന്ന കാര്യത്തിൽ വലിയ നിഷ്കർഷയുണ്ടായിരുന്ന ആളായിരുന്നു. ഈ സഹായസന്നദ്ധത ആ നാട്ടിലെ മുഴുവൻ ആളുകൾക്കും അദ്ദേഹത്തെ പ്രിയങ്കരനാക്കി മാറ്റി. പുതുവികസന കാര്യങ്ങളിൽപ്പോലും ഖജനാവിൽനിന്ന് പണം അനുവദിച്ചുകിട്ടാൻ കാത്തുനിൽക്കാതെ സ്വന്തം പോക്കറ്റിലെ പണം ചെലവാക്കാൻ സന്നദ്ധത കാട്ടിയിട്ടുള്ള വ്യക്തിയാണ്. ഖജനാവിലെ പണമെടുത്ത് ചെയ്യേണ്ട കാര്യങ്ങൾക്ക്, സ്വകാര്യമായി ചെലവാക്കാൻ പാടില്ല എന്ന് ചിലർ പറഞ്ഞപ്പോൾ ദുഃഖത്തോടുകൂടി അദ്ദേഹത്തിന് പിൻവാങ്ങേണ്ടി വന്നിട്ടുണ്ട്. പണമെറിഞ്ഞ് പണമുണ്ടാക്കുക എന്നതായിരുന്നില്ല, മറിച്ച് പണംകൊണ്ട് ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ആയിരക്കണക്കിനാളുകൾ ഉദാരമായ ആ മനോഭാവത്തിന്റെ സത്ഫലങ്ങൾ അനുഭവിച്ചിട്ടുണ്ട്. രാഷ്ട്രീയ ഭേദമെന്യേ അവരൊക്കെ അദ്ദേഹത്തെ സ്നേഹത്തോടെ സ്വന്തം മനസ്സിൽ ചേർത്തുവയ്ക്കുന്നുണ്ട്. മണ്ഡലത്തെ കുടുംബമായും അവിടത്തെ മുഴുവൻ ആളുകളെയും രാഷ്ട്രീയഭേദമില്ലാതെ കുടുംബാംഗങ്ങളായും കണ്ട നേതാവാണ് തോമസ് ചാണ്ടി. ഒരുവിധത്തിലുള്ള വേർതിരിവുമില്ലാതെ ഒരേ മനസ്സോടെ എല്ലാവരെയും നോക്കിക്കണ്ടു. അങ്ങേയറ്റം മതനിരപേക്ഷ മൂല്യങ്ങൾ പൊതുജീവിതത്തിലും വ്യക്തിജീവിതത്തിലും നിലനിർത്തി. നിയമസഭാംഗം എന്ന നിലയിലുള്ള ശ്രദ്ധേയമായ പ്രവർത്തനവും മന്ത്രിയെന്ന നിലയിൽ പ്രകടിപ്പിച്ച ഭരണ നൈപുണ്യവും സംസ്ഥാനത്തിന് അദ്ദേഹം നൽകിയ സംഭാവനകളും എന്നും ഓർമ്മിക്കപ്പെടും. രാഷ്ട്രീയ ജീവിതത്തിലും വ്യക്തി ജീവിതത്തിലും കുട്ടനാട്ടുകാരനായി അറിയപ്പെട്ടിരുന്ന വ്യക്തിത്വമായിരുന്നു തോമസ് ചാണ്ടിയുടേത്.

കുട്ടനാടിന്റെ വികസനത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. കുട്ടനാട്ടും തോമസ് ചാണ്ടിയും തമ്മിലുള്ള ആത്മബന്ധം അഭേദ്യമായിരുന്നു. കുട്ടനാടിന്റെ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടു. ഓരോ വെള്ളപ്പൊക്കത്തിലും വൈഷമ്യത്തിലാകുന്ന ശരാശരി കുട്ടനാടൻ കർഷകരുടെ പ്രതിനിധി തന്നെയായിരുന്നു തോമസ് ചാണ്ടി. അവരുടെ ഉത്കണ്ഠകളും വ്യാകുലതകളും എന്നും തോമസ് ചാണ്ടിയുടേതുകൂടിയായിരുന്നു. ഓരോ വെള്ളപ്പൊക്കെ ഘട്ടത്തിലും കുട്ടനാട്ടുകാർക്ക് അനുഭവിക്കേണ്ടിവരുന്ന വിഷമതകളും ദുരിതങ്ങളും അദ്ദേഹത്തെ അസ്വസ്ഥനാക്കി. അതുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിന് നടത്തിയ ശ്രമങ്ങൾ വിശദീകരിക്കാവുന്നതല്ല. കുട്ടനാട് അറിയപ്പെടുന്നത് അവിടത്തെ ഹരിതാഭകൊണ്ടും ജലസാന്നിദ്ധ്യംകൊണ്ടുമാണ്. ആ നാടിന്റെ പച്ചപ്പും പ്രകൃതിയും എന്നും മനസ്സിൽ കൊണ്ടുനടന്നിരുന്ന വ്യക്തിയായിരുന്നു. കുട്ടനാട്ടുകാരുമായി വലിയൊരു മാനസിക ഐക്യം അദ്ദേഹം സ്ഥാപിച്ചെടുത്തു. നാട്ടിലായിരുന്നപ്പോഴും വിദേശത്തായിരുന്നപ്പോഴും അത് കൂടുതൽ കൂടുതൽ ശക്തിപ്പെട്ടുവന്നു. അതുകൊണ്ടുതന്നെയാണ് കുട്ടനാട്ടുകാർ എപ്പോഴും തോമസ് ചാണ്ടിക്കൊപ്പവും തോമസ് ചാണ്ടി കുട്ടനാട്ടുകാർക്കൊപ്പവും നിന്നത്. കുവൈറ്റിൽ വിദ്യാഭ്യാസ മേഖലയിൽ കാര്യമായി പ്രവർത്തിച്ച വ്യക്തിയെന്ന പശ്ചാത്തലംകൊണ്ടു കൂടിയാകാം നാട്ടിൽവന്നപ്പോഴും നാട്ടുകാരുടെ വിദ്യാഭ്യാസ ഉയർച്ചയിൽ അദ്ദേഹം പ്രത്യേക ശ്രദ്ധവച്ചത്. രാഷ്ട്രീയത്തിനതീതമായി വിപുലമായ സൗഹൃദവലയം സൂക്ഷിച്ചിരുന്ന വ്യക്തിയാണ്. എല്ലാവരെയും സ്നേഹിക്കുകയും എല്ലാവരോടും ഒരുപോലെ സൗഹൃദം പങ്കിടുകയും ചെയ്ത ഒരു മികച്ച പൊതുപ്രവർത്തകനെയാണ് തോമസ് ചാണ്ടിയുടെ നിര്യാണത്തിലൂടെ കേരളത്തിന് നഷ്ടമായത്. അദ്ദേഹത്തിന്റെ നിര്യാണം കേരളത്തിന് പൊതുവിലും ഈ സഭയ്ക്ക് പ്രത്യേകിച്ചും തീരാനഷ്ടമാണ്. ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ഒന്നുമില്ലായ്മയിൽനിന്ന് ലോകത്തിന്റെ നെറുകയോളം എത്തിയ വ്യവസായിയും രാഷ്ട്രീയ നേതാവുമായിരുന്ന തോമസ് ചാണ്ടി. കുട്ടനാട്ടിലെ പരിമിതമായ സൗകര്യങ്ങളിൽനിന്നും വിദേശത്തേയ്ക്ക് പോയി, അവിടെ സ്വന്തമായൊരു സാമ്രാജ്യം സൃഷ്ടിച്ച തോമസ് ചാണ്ടിയുടെ ജീവിതകഥ വിസ്മയകരമാണ്. വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച ഒരാളായിരുന്നില്ല തോമസ് ചാണ്ടി. ദുരിതങ്ങളിൽനിന്ന് പടവെട്ടിയാണ് അദ്ദേഹം ഉയരങ്ങളിലെത്തിയത്. ഒരു പോരാളിയുടെ കഥയാണ് തോമസ് ചാണ്ടിയുടേത്;

ദാരിദ്ര്യത്തോടാണ് ആദ്യം പോരാടിയത്. പിന്നീട് ജീവിതസാഹചര്യങ്ങളോടും പ്രതിസന്ധികളോടും പോരാടി വിജയിച്ച വിസ്മയകരമായ ഒരു ചരിത്രമാണുള്ളത്. തന്നെ കാർന്നുതിന്നുന്ന രോഗത്തോടുപോലും അവസാനനിമിഷം വരെ പോരാടാൻ മനോധൈര്യം കാണിച്ച വ്യക്തിയാണ്. രോഗത്തിൽനിന്നും മോചിതനായി അദ്ദേഹം ഈ സഭയിൽ വന്ന് ചർച്ചകളിലൊക്കെ പങ്കെടുത്തത് ഞാൻ ഓർക്കുകയാണ്. അന്ന് ഞങ്ങളൊക്കെ ചോദിച്ചപ്പോൾ ഇനി അമേരിക്കയിൽ ഇടയ്ക്കുപോയി ചികിത്സ ചെയ്താൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ, ഇത്ര പെട്ടെന്ന് വിട്ടുപിരിയുമെന്ന് നമ്മളാരും കരുതിയിരുന്നില്ല. ലോക മലയാളിയായിരുന്ന തോമസ് ചാണ്ടി സഞ്ചരിക്കാത്ത രാജ്യങ്ങളില്ല. ഈ സഭയിൽ സംസാരിക്കുമ്പോഴെല്ലാം ലോകത്തിൽ അദ്ദേഹം കണ്ട കാര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നത് നമ്മളെല്ലാവരും കേട്ടിട്ടുണ്ട്. താൻ കണ്ട വികസിത രാജ്യങ്ങളോടൊപ്പം കേരളത്തിനും ഇന്ത്യയ്ക്കും എത്താൻ കഴിയുമെന്ന് വിശ്വസിച്ചിരുന്നു. ഇവിടത്തെ മനുഷ്യവിഭവശേഷിയും സുന്ദരമായ പ്രകൃതിയും കാലാവസ്ഥയും മറ്റ് വിഭവങ്ങളും കേരളത്തെ ലോകസമ്പന്നരാജ്യങ്ങളോടൊപ്പം എത്താൻ പര്യാപ്തമാക്കുമെന്ന് ഉറച്ച് വിശ്വസിച്ചിരുന്ന ഒരാളായിരുന്നു. പക്ഷേ, പഴകിദ്രവിച്ച വിശ്വാസ പ്രമാണങ്ങളും എന്തിനും ഉടക്കുവയ്ക്കുന്ന ഒരു ഭരണയന്ത്രവും അഴിക്കുന്തോറും കുരുങ്ങുന്ന നടപടിക്രമങ്ങളുമാണ് കേരളത്തിന് വിഘാതം സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. എന്തിനും പ്രതിബന്ധവും കാലതാമസവുമുണ്ടാക്കുന്ന ചുവപ്പുനാടയെ പൊട്ടിച്ചെറിയണമെന്ന് അദ്ദേഹം ഇവിടെ പറഞ്ഞ വാക്കുകൾ ഞാൻ അനുസ്മരിക്കുകയാണ്. അദ്ദേഹം ഈ സഭയിൽ നടത്തിയ പ്രസംഗങ്ങൾ വ്യത്യസ്തവും കൗതുകകരവുമായിരുന്നു. 'രാജ്യത്തിന് പുറത്ത് മലയാളിയെപ്പോലെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മറ്റാരുമില്ല. എന്നാൽ കേരളത്തിൽ എങ്ങനെ പണിയെടുക്കാതിരിക്കാം എന്നാണ് മലയാളി ഗവേഷണം നടത്തുന്നത്'; ഈ വൈരുദ്ധ്യം സഭയിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽനിന്ന് ഞാൻ ക്വാട്ട് ചെയ്യുകയാണ്. വിപ്ലവകരമായിരുന്നു അദ്ദേഹത്തിന്റെ പല നിർദ്ദേശങ്ങളും. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം പാഴായിപ്പോകാതെ ഉപയോഗപ്പെടുത്തിയാൽപ്പോലും കേരളം എത്രയോ സമ്പന്നമാകുമെന്ന് പ്രസംഗിച്ചത് ഞാൻ ഓർക്കുന്നു. അന്യസംസ്ഥാനങ്ങളിലെ വിഷപ്പച്ചക്കറികളിൽനിന്ന് കേരളത്തെ രക്ഷപ്പെടുത്താൻ ഒരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. തോട്ടങ്ങളുടെ ഒരു ഭാഗം പച്ചക്കറി കൃഷിക്കായി നീക്കിവയ്ക്കണം. അങ്ങനെ വിലപ്പെട്ട നിരവധി നിർദ്ദേശങ്ങൾ ഈ സഭയിൽ അദ്ദേഹമുന്നയിച്ചത് ഞാൻ ഓർക്കുന്നു.

കുട്ടനാട്ടിലെ ചേന്നങ്കരി വെട്ടിക്കാട് കളത്തിപ്പറമ്പിൽ വീട്ടിലാണ് തോമസ് ചാണ്ടി ജനിച്ചത്. കെ.എസ്.യു.-വിന്റെയും യൂത്ത് കോൺഗ്രസിന്റെയും പ്രവർത്തകനായിരുന്നു. കുവൈറ്റിലേയ്ക്ക് പോകുന്നതിനുമുമ്പ് കുട്ടനാട് ബ്ലോക്ക് യൂത്ത് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായിരുന്നു. പത്താം ക്ലാസ്സ് വിദ്യാഭ്യാസവും ടെലിപ്രിന്റിംഗും പഠിച്ചശേഷം വെറുംകയ്യോടെ ഗൾഫിലെത്തിയ അദ്ദേഹം അവിടെ വിസ്മയമാണ് തീർത്തത്. കഠിനാദ്ധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ആൾരൂപമായി അദ്ദേഹത്തെ കാണാൻ കഴിയും. ചെറിയ രീതിയിലുള്ള ഒരു കമ്പനിയിലാണ് തോമസ് ചാണ്ടി ഗൾഫ് ജീവിതം തുടങ്ങിയത്. അസോസിയേഷൻ ഓഫ് ഗൾഫ് കോൺഗ്രസ് എന്ന സംഘടനയുണ്ടാക്കിയത് വഴിത്തിരിവായി. ലീഡർ കെ. കരുണാകരൻ ഉൾപ്പെടെയുള്ള നേതാക്കളുമായി അടുത്ത സൗഹൃദമുണ്ടാക്കാൻ ആ സംഘടന സഹായിച്ചു. അത് പിന്നീട് കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാവായി വളർന്നുവരാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയായിരുന്നു.

ഗൾഫിൽ വിദ്യാഭ്യാസരംഗത്താണ് അദ്ദേഹം മികവ് കാട്ടിയത്. കുവൈറ്റ് യുദ്ധം മറ്റൊരു വഴിത്തിരിവായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ സൂപ്പർ മാർക്കറ്റുകൾ, റെസ്റ്റോറന്റുകൾ, നിരവധി സ്ഥാപനങ്ങൾ, സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിൽ മികച്ച സ്കൂളുകൾ എന്നിവ ആരംഭിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കെ. കരുണാകരന്റെ ഡി.ഐ.സി.-യായിരുന്നു മറ്റൊരു വഴിത്തിരിവ്. ലീഡർ കെ. കരുണാകരന്റെ നിർദ്ദേശപ്രകാരമാണ് കുട്ടനാട്ടിൽ മത്സരിച്ചത്. അതോടെ കുട്ടനാട്ടുകാരുടെ പ്രിയപ്പെട്ടവനായി. മരിക്കുവോളം അവിടത്തെ എം.എൽ.എ. 2006, 2011, 2016 എന്നീ വർഷങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വിജയിക്കുകയുണ്ടായി. എന്റെ മണ്ഡലത്തോട് ചേർന്നു കിടക്കുന്ന മണ്ഡലമാണ് കുട്ടനാട്. വികസനകാര്യങ്ങളിലും രാഷ്ട്രീയ കാര്യങ്ങളിലുമുള്ള സൗഹൃദംകൂടി ഞങ്ങൾ പങ്കുവച്ചിരുന്ന കാര്യം ഞാൻ ഓർക്കുകയാണ്. കുടിവെള്ള പദ്ധതിക്ക് ഭൂമി കിട്ടാതെ വളരെയേറെ പ്രയാസം വന്നപ്പോഴും അദ്ദേഹം സ്വന്തം കയ്യിൽനിന്ന് പണം കൊടുത്ത് ഭൂമി വാങ്ങിയത് ഞാൻ ഓർക്കുകയാണ്. ചികിത്സയ്ക്കും മറ്റു കാര്യങ്ങൾക്കും പണമില്ലാതെ ആളുകൾ ബുദ്ധിമുട്ടുമ്പോൾ നമ്മൾ ആശ്രയിക്കുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയാണെങ്കിൽ എം.എൽ.എ.-യുടെ പോക്കറ്റിൽനിന്നും പണമെടുത്തു കൊടുക്കുന്ന ഒരു പ്രത്യേകത അദ്ദേഹം എന്നും സ്വന്തമാക്കിയിരുന്നു. സാധാരണക്കാരോടൊപ്പം പാവപ്പെട്ടവരോടും എന്നും ഇഴുകിച്ചേരുന്ന ഒരു സ്വഭാവമായിരുന്നു. അവസാനകാലഘട്ടങ്ങളിൽ നിയോജകമണ്ഡലത്തിൽ പലപ്പോഴും വരാൻ കഴിയാതിരുന്നിട്ടും എല്ലായിടത്തും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം

ഉറപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. നമ്മളെയെല്ലാവരെയും കക്ഷി രാഷ്ട്രീയത്തിനതീതമായി വീട്ടിലേയ്ക്ക് ക്ഷണിച്ചുവരുത്താനും നല്ല ഭക്ഷണം തരാനും കുശലാന്വേഷണം നടത്താനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. നമുക്ക് നഷ്ടപ്പെട്ടത് നല്ലൊരു സുഹൃത്തിനെയും പ്രവാസി വ്യവസായിയെയും രാഷ്ട്രീയ നേതാവിനെയുമാണ്. അതോടൊപ്പം തുറന്ന മനസ്സുള്ള, യഥാർത്ഥ കുട്ടനാട്ടുകാരന്റെ, പച്ചയായ മനുഷ്യന്റെ വിയോഗം കൂടിയാണ് തോമസ് ചാണ്ടിയുടെ നിര്യാണത്തോടെ ഉണ്ടായിരിക്കുന്നത്. അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. ഞാനും എന്റെ കക്ഷിയും തോമസ് ചാണ്ടിയുടെ നിര്യാണത്തിലുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ആത്മാവിന് നിത്യശാന്തിയുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച അഭിപ്രായപ്രകടനങ്ങളോട് ഞാൻ യോജിക്കുകയാണ്. കഴിഞ്ഞ സഭയിലെ അവസാനദിവസങ്ങളിൽ അദ്ദേഹം ഹാജരായിരുന്ന സന്ദർഭത്തിൽ അങ്ങേയറ്റം പരവശനായിരുന്നു. അതിനുമുമ്പുള്ള ദിവസങ്ങളിൽ അമേരിക്കയിൽ ചികിത്സയിലായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചു. തോമസ് ചാണ്ടിയെ ബാധിച്ചിരുന്നത് വളരെ ഗൗരവമേറിയ അസുഖമായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ അതിനെ അതിജീവിക്കുമെന്നാണ് നമ്മളെല്ലാം കരുതിയത്. അദ്ദേഹത്തിനും അതിനെക്കുറിച്ച് തികഞ്ഞ ആത്മവിശ്വാസമായിരുന്നു. ഏതാനും ദിവസങ്ങൾ കൂടി അമേരിക്കയിൽ ചികിത്സയ്ക്ക് പോകണം, പിന്നെ എല്ലാ കാര്യങ്ങളും ശരിയാകുമെന്നാണ് സംസാരിക്കുമ്പോൾ അവസാനത്തെ നിയമസഭയുടെ ദിനങ്ങളിലും അദ്ദേഹം പറഞ്ഞത്.

2006-ലെ തെരഞ്ഞെടുപ്പിലാണ് തോമസ് ചാണ്ടി സാമാജികനായി കടന്നുവരുന്നത്. അദ്ദേഹത്തോടൊപ്പം ആലപ്പുഴയിൽനിന്ന് ഞാനും ആ സന്ദർഭത്തിലാണ് പുതിയൊരംഗമായി സഭയിലേയ്ക്ക് വരുന്നത്. ആ സന്ദർഭത്തിലാരംഭിച്ച സൗഹൃദം അദ്ദേഹത്തിന്റെ ജീവിതാന്ത്യം വരെ തുടരാൻ സാധിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്. 2006-ലെ തെരഞ്ഞെടുപ്പിൽ അദ്ദേഹം ജനപ്രതിനിധിയായി ഈ സഭയിലേയ്ക്ക് കടന്നുവരുമ്പോൾ ഒരു വ്യവസായി ജനപ്രതിനിധിയായി കടന്നുവരുന്നതിന്റെ കൗതുകമായിരുന്നു പൊതുവിൽ എല്ലാവർക്കുമുണ്ടായത്. എന്നിലും അങ്ങനെയാണ് ആദ്യമൊക്കെ ഉണ്ടായിരുന്നത്. എന്നാൽ തോമസ് ചാണ്ടിയുടെ രാഷ്ട്രീയ പ്രവേശനം ഇവിടെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചൂണ്ടിക്കാണിച്ചതുപോലെ വിദ്യാർത്ഥികാല യളവിൽത്തന്നെ കെ.എസ്.യു., യൂത്ത് കോൺഗ്രസ്, കോൺഗ്രസ് എന്നീ

പ്രസ്ഥാനങ്ങളിലൂടെ തുടങ്ങിവച്ചിരുന്നു. ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹം പിന്നീട് ഒരു പ്രവാസിയായി. പത്തുവർഷം കുവൈറ്റിലെ ഒരു സ്വകാര്യ കമ്പനിയിലെ ജീവനക്കാരനായിരുന്നു. തുടർന്നാണ് സ്വയംസംരംഭകത്വം ജീവിതത്തിലെ ഉജ്ജ്വലമായ വഴികളിലേയ്ക്ക് അദ്ദേഹത്തെ നയിച്ചത്. കുവൈറ്റിലെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചെയർമാനായി. പൊതുവിൽ വലിയൊരു വ്യവസായിയായി ജീവിതത്തിന്റെ ഉയർന്ന പടവുകൾ താണ്ടുമ്പോഴും നാടിനെ ഒരിക്കലും വിസ്മരിച്ചില്ല. പ്രവാസി ജീവിതത്തിൽ കരുപ്പിടിപ്പിച്ച എല്ലാ ആസ്തിയും സ്വന്തം നാട്ടിൽ കൊണ്ടുവന്ന് ഇൻവെസ്റ്റ് ചെയ്യാൻ അദ്ദേഹം പ്രകടിപ്പിച്ച ധീരമായ നടപടി നമ്മളെല്ലാവരും മനസ്സിലാക്കേണ്ടതാണ്. അദ്ദേഹം കുട്ടനാട്ടിലെ റിസോർട്ടിനെക്കുറിച്ച് പറയുമായിരുന്നു, 'എനിക്ക് നഷ്ടമല്ലാതെ മറ്റൊന്നും ബാക്കിയില്ല. എങ്കിലും നമ്മുടെ നാടിന്റെ നന്മയ്ക്ക്; നമ്മുടെ നാടിന്റെ വികസനത്തിന്; നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഓർക്കുമ്പോൾ അത്തരത്തിലുള്ള ധീരമായ ഒരു നടപടി എനിക്ക് സ്വീകരിക്കേണ്ടിവന്നു' എന്ന്. ഇനിയും അവസരം ലഭിച്ചാൽ ഞാനത് ചെയ്യുമെന്നാണ് അദ്ദേഹം എല്ലാ സന്ദർഭത്തിലും പറഞ്ഞുകൊണ്ടിരുന്നത്. 2006-ലെ തെരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധിയായി കുട്ടനാടിന്റെ വികസനത്തിന് അതുല്യമായ സംഭാവനകൾ നൽകി. 2011-ലും 2016-ലും അദ്ദേഹത്തെ കാത്തിരുന്നത് ഉജ്ജ്വലമായ വിജയങ്ങളാണ്. കുട്ടനാട് പോലുള്ള മണ്ഡലത്തിൽ ഒരാൾ തുടർച്ചയായി മൂന്നുതവണ ഉജ്ജ്വല വിജയം കൈവരിക്കുക എന്നത് അനിതരസാധാരണമായ ഒന്നുതന്നെയാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കുട്ടനാട്ടിലെ ജനങ്ങളുടെ ജീവൽപ്രശ്നങ്ങളിൽ തോമസ് ചാണ്ടിയുടെ പ്രതികരണം എന്തായിരുന്നുവെന്നത് എനിക്കുമുമ്പ് ഇവിടെ സംസാരിച്ചവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ നടപടിക്ക് ഒരിക്കലും കാത്തുനിന്നില്ല. എല്ലാ കാര്യങ്ങളുടെയും നിർവ്വഹണത്തിനായി അദ്ദേഹം മുന്നിട്ടിറങ്ങുകയായിരുന്നു. സ്വന്തം സമ്പത്തുതന്നെ അതിനുവേണ്ടി വിനിയോഗിക്കാൻ യാതൊരു മടിയും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ നിര്യാണ സന്ദർഭത്തിൽ, വസതിയിലേയ്ക്ക്, ആലപ്പുഴ നഗരത്തിലേയ്ക്ക്, സംസ്കരിച്ച ആരാധനാലയത്തിലേയ്ക്ക് കുട്ടനാട്ടിലും സമീപ പ്രദേശങ്ങളിൽനിന്നും പതിനായിരക്കണക്കിന് ജനങ്ങൾ ഒഴുകിയെത്തിയത് അദ്ദേഹത്തിന്റെ സ്വാധീനത്തെ വിളിച്ചറിയിക്കുന്ന എന്നുള്ളതാണ് യാഥാർത്ഥ്യം. ഒന്നാന്തരം രാഷ്ട്രീയ പ്രവർത്തകനും ഏറ്റവും നല്ലൊരു സാമൂഹ്യപ്രവർത്തകനുമാണ് തോമസ് ചാണ്ടി. ഒരു രാഷ്ട്രീയക്കാരൻ നല്ലൊരു സാമൂഹ്യ പ്രവർത്തകൻ കൂടിയാവണമെന്ന് അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ നമുക്ക് കാണിച്ചുതന്നു. തോമസ് ചാണ്ടി ചെയർമാനായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രസ്ഥാനമാണ് ദാവീദ് പുത്രാ ചാരിറ്റബിൾ ട്രസ്റ്റ്. ആ പ്രസ്ഥാനംവഴി ഇതുവരെ 11 കോടി രൂപയുടെ

സഹായങ്ങൾ പാവങ്ങൾക്കുവേണ്ടി, കുട്ടനാട്ടിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾക്കുവേണ്ടി, വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചും ചികിത്സ വേണ്ടവർക്ക് ചികിത്സയും സാമ്പത്തിക സഹായങ്ങൾ വേണ്ടവർക്ക് അത്തരത്തിലുള്ള സഹായവും ചെയ്യാൻ യാതൊരു മടിയും കാണിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് എത്തുന്ന ഒരാൾക്കും നിരാശനായി ഒരിക്കൽപ്പോലും മടങ്ങിപ്പോകേണ്ടി വന്നിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കുട്ടനാടിന്റെ മനസ്സറിഞ്ഞ ഒരു രാഷ്ട്രീയനേതാവ്, അവിടത്തെ ജനങ്ങളുടെ ജീവിതത്തെ എല്ലാ അർത്ഥത്തിലും നെഞ്ചേറ്റിയ മനുഷ്യസ്നേഹി, നമ്മുടെ നാടിന്റെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ തോമസ് ചാണ്ടി നമ്മുടെ മനസ്സിൽ എന്നെന്നും നിലനിൽക്കുമെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായിട്ടുള്ള നിര്യാണം നമ്മളിലുണ്ടാക്കുന്ന നഷ്ടബോധം വാക്കുകളിലൂടെ പറഞ്ഞുതീർക്കാൻ കഴിയുന്നതല്ല. ചുരുങ്ങിയ കാലയളവിലാണ് മന്ത്രിയായി പ്രവർത്തിക്കാൻ സന്ദർഭമുണ്ടായതെങ്കിലും അപ്പോൾ പ്രകടിപ്പിച്ച ആർജ്ജവം എടുത്തുപറയേണ്ട ഒന്നാണ്. നാടിന്റെ വികസനവും നന്മയും ജനക്ഷേമവും ഉൾക്കൊണ്ട് അദ്ദേഹം നടത്തിയ ധീരമായ പ്രവൃത്തികൾ ജനങ്ങൾ എന്നും സ്മരിക്കപ്പെടുമെന്ന കാര്യം ഉറപ്പാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു. എന്റെ കക്ഷിയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, അങ്ങും ബഹുമാന്യരായ സഭാനേതാവും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. തോമസ് ചാണ്ടി വാസ്തവത്തിൽ രാഷ്ട്രീയത്തിൽ മാത്രമല്ല ബിസിനസ്സിലും പൊതുപ്രവർത്തനത്തിലും ഒരു വിസ്മയമായിരുന്നു. നിയമസഭയിൽ വരുന്ന സമയങ്ങളിലൊക്കെ കൊച്ചി വഴിയാണ് യാത്ര ചെയ്യുന്നത്. മിക്കവാറും എല്ലാ സമയത്തും സഹയാത്രികനായിരുന്ന എന്നോട് അദ്ദേഹത്തിന്റെ ബാല്യകഥകളും അതുപോലെ ആദ്യകാല പ്രവർത്തനങ്ങളും പങ്കിടാറുണ്ടായിരുന്നു. ഒരു പെട്ടിയുമായി കുവൈറ്റിലിറങ്ങി അദ്ദേഹം ഒരു സാമ്രാജ്യംതന്നെ വെട്ടിപ്പിടിച്ചു എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. എം.എൽ.എ. ആകുന്നതിനുമുമ്പ് കുവൈറ്റ് ചാണ്ടി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹം അന്ത്യയാത്രയ്ക്കൊരുങ്ങുമ്പോൾ കുവൈറ്റിലെ മുഴുവൻ ഭരണാധികാരികളും ആദരാഞ്ജലികൾ അർപ്പിക്കാൻ നാട്ടിലെത്തിയിരുന്നു എന്നുള്ളതും ഒരു പ്രധാന സംഗതിയാണ്. കുവൈറ്റിലും സൗദി അറേബ്യയിലും

പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും അതോടൊപ്പം പ്രവാസികൾക്ക് എല്ലാവിധത്തിലും അത്താണിയായി പ്രവർത്തിക്കാനും അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തകനായി വരികയും പിന്നീട് ഇടതുമുന്നണിയുമായി ചേർന്ന് പ്രവർത്തിക്കുമ്പോഴും ഇപ്പുറത്തും അപ്പുറത്തുമായിരുന്നപ്പോഴും നല്ല കാര്യങ്ങൾ എന്ത് വന്നാലും ഈ സഭയിൽ പാർട്ടി മറന്ന് അഭിപ്രായം പറയുമായിരുന്നു. ഞങ്ങൾ ഭരണപക്ഷത്തും തോമസ് ചാണ്ടി പ്രതിപക്ഷത്തുമിരുന്ന അവസരത്തിലൊക്കെ പലപ്പോഴും നല്ല കാര്യങ്ങളോട് യോജിച്ച് ഒറ്റപ്പെട്ട രീതിയിൽത്തന്നെ ഞങ്ങളെ പിന്താങ്ങിയിരുന്നത് വളരെ നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ വേർപാടിലൂടെ പ്രവാസികൾക്കും അതുപോലെ രാഷ്ട്രീയരംഗത്ത് മൂല്യങ്ങൾ മുറുകെ പിടിക്കുന്നവർക്കും വലിയ ദുഃഖമാണ് അനുഭവപ്പെട്ടത്. എപ്പോഴും കേരളത്തിൽ മാത്രമല്ല, ലോകത്തെമ്പാടും അദ്ദേഹം വലിയൊരു സുഹൃത്‌വലയം കാത്തുസൂക്ഷിച്ചിരുന്നു. സൗദി അറേബ്യയിലും കുവൈറ്റിലുമുള്ള പ്രവാസികളോട് പ്രത്യേകിച്ച് എന്റെ പാർട്ടിയുമായി ബന്ധപ്പെട്ട കെ.എം.സി.സി. (കേരള മുസ്ലിം കൾച്ചറൽ സെന്റർ) -യുടെ ഭാരവാഹികളുമായും മുസ്ലിംലീഗിലെ സമുന്നതരായ നേതാക്കളുമായും അദ്ദേഹം പുലർത്തിയിരുന്ന വളരെ ഊഷ്മളമായ ബന്ധം ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ വിയോഗം ഈ സഭയ്ക്ക് മാത്രമല്ല, ലോകത്തിനുതന്നെ നഷ്ടമാണ്. ഒരു വിശ്വപൗരൻ എന്ന് ഞാൻ വിശേഷിപ്പിക്കുന്നില്ലെങ്കിലും ലോകത്തെമ്പാടും വേരുന്നിയ പൊതു പ്രവർത്തകനും കുട്ടനാട്ടുകാരുടെയും പ്രിയപ്പെട്ടവനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മുറ്റത്ത് എത്തുന്ന ആർക്കും ഒരു അത്താണിയായി മാറിയ, ആശ്വാസമായി മാറിയ ആ മനുഷ്യസ്നേഹിയുടെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. തോമസ് ചാണ്ടിയുടെ പാർട്ടിയായ എൻ.സി.പി.-യോടും സന്തപ്ത കുടുംബാംഗങ്ങളോടുമുള്ള വേദന പങ്കിടുന്നു; ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, നിര്യാതനായ തോമസ് ചാണ്ടിയെ സംബന്ധിച്ച് അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷി നേതാക്കളും പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുകയാണ്.

2006-ൽ 12-ാം കേരള നിയമസഭയിലാണ് അദ്ദേഹം ആദ്യമായി എത്തുന്നത്. 13-ാം കേരള നിയമസഭയുടെ മുഴുവൻ കാലയളവിലും 14-ാം കേരള നിയമസഭയുടെ മിക്ക സമയങ്ങളിലും തൊട്ടടുത്ത സീറ്റുകളിലാണ് ഞങ്ങൾക്ക് ഇരിപ്പിടം ലഭിച്ചിരുന്നത്. കാപട്യങ്ങളില്ലാത്ത പച്ചയായ മനുഷ്യനെയാണ് തോമസ് ചാണ്ടിയിൽ നമുക്കെല്ലാവർക്കും കാണാൻ കഴിയുന്നത്. രാഷ്ട്രീയ

സൗകര്യങ്ങൾക്കുവേണ്ടി തനിക്ക് ബോദ്ധ്യപ്പെടുന്ന കാര്യങ്ങൾ പറയാതിരിക്കുന്ന ശീലം ഉണ്ടായിരുന്നില്ല. ചിലപ്പോഴൊക്കെ തന്ത്രജ്ഞത വിട്ട് താൻ വിശ്വസിക്കുന്ന കാര്യങ്ങൾ ധൈര്യപൂർവ്വം വിളിച്ചുപറയാൻ അദ്ദേഹം ശ്രമിച്ചത് ഞാൻ ഓർക്കുകയാണ്. സാമ്പത്തികമായ ഔന്നത്യത്തിന്റെയും താഴ്ചയുടെയും രണ്ടറ്റവും കാണാൻ അവസരം ലഭിച്ച വ്യക്തിത്വമാണ് തോമസ് ചാണ്ടിയുടേത്. പ്രതിസന്ധിയിൽ തളരാതെ നിശ്ചയദാർഢ്യത്തോടുകൂടി അഭിമുഖീകരിച്ച് അതിജീവിച്ച പോരാളിയാണ് തോമസ് ചാണ്ടി. അതുകൊണ്ടുതന്നെ ലഭ്യമായ വിഭവങ്ങൾ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ എപ്പോഴും മനസ്സൊരുക്കമുണ്ടായിരുന്ന ഒരു പൊതുപ്രവർത്തകനായിട്ടാണ് തോമസ് ചാണ്ടിയെ കുട്ടനാട്ടുകാരും പ്രത്യേകിച്ച് സമീപപ്രദേശത്തെയും എന്റെ നിയോജകമണ്ഡലത്തിലടക്കമുള്ള സ്ഥലങ്ങളിലെയും ആളുകൾ കണ്ടിരുന്നത്. വ്യക്തിപരമായ സഹായങ്ങൾ, സ്ഥാപനത്തിനുള്ള സഹായങ്ങൾ അവയ്ക്കൊന്നും പ്രചരണമില്ലാതെ നൽകുന്നതിൽ യാതൊരു ലുബ്ധും കാണിക്കാത്ത വ്യക്തിത്വമായിരുന്നു. പൊതുകാര്യങ്ങളിൽ അദ്ദേഹം പണം ചെലവഴിച്ച കാര്യം ഇവിടെ പറഞ്ഞു. കുട്ടനാട്ടിലെ ഏറ്റവും വലിയ പ്രശ്നം കുടിവെള്ളമായിരുന്നു. അത് പരിഹരിക്കുന്നതിനായി സ്വന്തമായി ഭൂമി വാങ്ങി സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ഇടപെടൽ ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തി നിൽക്കുകയുമാണ്. തോമസ് ചാണ്ടി വിദേശത്ത് ചികിത്സ തേടിയതുമായി ബന്ധപ്പെട്ട് നിയമപ്രകാരം റീ-ഇമ്പേഴ്സ് വാങ്ങിയത് സംബന്ധിച്ച് ചില ആളുകൾ ആക്ഷേപിക്കുകയുണ്ടായി. ഇക്കാര്യം സംബന്ധിച്ച് വ്യക്തിപരമായി എനിക്കറിയാം. ഗവൺമെന്റിൽനിന്നും റീ-ഇമ്പേഴ്സ്മെന്റിനായി ലഭിച്ച തുക സ്വന്തം കാര്യത്തിന് എടുക്കാതെ മുഴുവനും ചാരിറ്റിക്ക് ചെലവഴിക്കാൻ തയ്യാറായതും ഞാൻ ഓർക്കുകയാണ്. സംസ്ഥാനത്തിനുവേണ്ടി കുട്ടനാട് പാക്കേജ് നേടിയെടുക്കാനും അത് ഫലപ്രദമായി നടപ്പിലാക്കാനും പാർട്ടിയുടെ നേതാവെന്ന നിലയിലുള്ള ഇടപെടൽ ഏറെ സഹായിച്ചിട്ടുണ്ട്. കുട്ടനാട് മണ്ഡലത്തിലെ എം.എൽ.എ. ആയിരുന്ന തോമസ് ചാണ്ടി വെള്ളപ്പൊക്കസമയത്ത് ആ മണ്ഡലത്തിൽ മാത്രമല്ല തൊട്ടടുത്ത മണ്ഡലങ്ങളിലും സഹായമെത്തിക്കാൻ ശ്രദ്ധിച്ചിരുന്നു. 2018-ൽ മഹാപ്രളയമുണ്ടായപ്പോൾ പത്തനംതിട്ട ജില്ലയിലെ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ എത്തുന്നതിനുമുമ്പ് തോമസ് ചാണ്ടിയുടെ സ്പീഡ് ബോട്ടുകളാണ് ആദ്യമായി സഹായത്തിനെത്തിയതെന്ന കാര്യം ഞാൻ ഓർക്കുകയാണ്. സഹായഹസ്തം നീട്ടുന്നതിൽ ഒരു വിഭാഗീയ ചിന്തയും ഉണ്ടായിരുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, എല്ലാവർക്കും നല്ലൊരു ആതിഥേയനായിരുന്ന തോമസ് ചാണ്ടി. അതിഥികളെ ക്ഷണിച്ചുവരുത്തി സൽക്കരിക്കുന്നതിൽ തോമസ് ചാണ്ടിയും കുടുംബവും കാട്ടിയിട്ടുള്ള പ്രത്യേക

താല്പര്യം ഇത്തരുണത്തിൽ ഞാൻ സ്മരിക്കുകയാണ്. ആ നാടിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കാണ് തോമസ് ചാണ്ടി വഹിച്ചിട്ടുള്ളത്. പലവിധ പ്രശ്നങ്ങളുള്ള പ്രദേശമാണ് കുട്ടനാട്. അതെല്ലാം ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ശുദ്ധജലവിതരണം അടക്കമുള്ള പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ട് തനിക്ക് ലഭിച്ച അവസരങ്ങൾ മുഴുവൻ പൂർണ്ണ സമർപ്പണത്തോടുകൂടി ആ നാടിന്റെ വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ ശ്രമിച്ച പൊതുപ്രവർത്തകനാണ് തോമസ് ചാണ്ടി. കുട്ടനാട്ടിലെ ജനങ്ങൾക്ക് ഒരിക്കലും അദ്ദേഹത്തെ മറക്കാനാകില്ല. വ്യത്യസ്തമായ പൊതുപ്രവർത്തന ശൈലി നമുക്കിടയിൽ അവതരിപ്പിച്ചിട്ടാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നത്. ആ മഹനീയ വ്യക്തിത്വത്തോടുള്ള ആദരവ് ഞാനും എന്റെ കക്ഷിയും അറിയിക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. അദ്ദേഹം നല്ലൊരു സുഹൃത്തായിരുന്നു. എന്റെ പാർട്ടിയിൽപ്പെട്ട ആളുമായിട്ടാണ് അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നത്. അവിടെ കനത്ത മത്സരമായിരുന്നു. ആർക്കും പിടികിട്ടാത്ത നിലയിലുള്ള ഒരു സ്റ്റൈലാണ് അദ്ദേഹം തെരഞ്ഞെടുപ്പ് വേളയിൽ സ്വീകരിച്ചത്. അദ്ദേഹത്തിന്റെ സമ്പത്ത് സ്വകാര്യ പോക്കറ്റിലെന്നതിനപ്പുറത്ത് എല്ലാ ഭാഗത്തേയ്ക്കും വാരിക്കോരി കൊടുക്കാൻ കഴിഞ്ഞിരുന്നു. ഒരു പാലം വേണം; അനുവദിച്ചിരിക്കുന്നു. രണ്ടാമത്തെ തെരഞ്ഞെടുപ്പിൽ ജയിച്ചുവന്നപ്പോൾ അങ്ങനെ പറഞ്ഞതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. ഈ സഭയിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കുട്ടനാടിനെ അടുത്തറിയാൻ നമ്മെ സഹായിച്ചിട്ടുണ്ട്. അവിടെയുള്ള കരിമീൻ, ആറ്റുകൊഞ്ച്, കുട്ടനാട്ടിൽ ലഭിക്കുന്ന കൊഞ്ച് മറ്റുള്ള കൊഞ്ചുപോലെയല്ല, അതിന് പ്രത്യേക രുചിയുണ്ട്. അത് മനസ്സിലാക്കിയ കമ്പനികൾ മൂന്നിരട്ടി വിലയ്ക്കാണ് ജപ്പാനിൽ അവ വിൽക്കുന്നത്. തോട്ടപ്പള്ളി - തണ്ണീർമുക്കം ബണ്ട് വന്നപ്പോൾ കടലിൽ മുട്ടയിടുന്ന കൊഞ്ച് കുട്ടനാട്ടിലെ ചേറിലാണ് വളർന്നിരുന്നത്. ബണ്ടിൽ തലയിടിച്ച് ആ കുഞ്ഞുങ്ങൾ മരിക്കുകയാണ്. കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയുന്നതുമായി ബന്ധപ്പെട്ട് ഒടുവിൽ പറഞ്ഞത്, തോട്ടപ്പള്ളി സ്പിൽവേയുടെ 300 മീറ്റർ, അതിൽ പമ്പ - അച്ചൻകോവിലിലെ വെള്ളം കടലിലേയ്ക്ക് പോയാൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകില്ല എന്നാണ്. അദ്ദേഹത്തിന് എല്ലാവരോടും സ്നേഹമായിരുന്നു. രാഷ്ട്രീയ വൈരാഗ്യമുള്ള ആളായിരുന്നില്ല, എല്ലാവരേയും സൗഹൃദത്തോടെ കണ്ടിരുന്നു. കുട്ടനാടിനെ അടുത്തറിഞ്ഞ ആളായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, കോൺഗ്രസ് നേതാവായാണ് കുവൈറ്റിലെത്തിയത്. കുവൈറ്റ് ചാണ്ടി എന്നാണ്

അറിയപ്പെട്ടിരുന്നത്. രാഷ്ട്രീയത്തിൽ താല്പര്യമുണ്ടായിരുന്നു. ഹോസ്പിറ്റാലിറ്റിയുടെയും ടൂറിസത്തിന്റെയും കുട്ടനാടിന്റെയും പ്രാധാന്യം സഭയിലെ പ്രസംഗങ്ങളിൽ വന്നിട്ടുണ്ട്. തോമസ് ചാണ്ടിയുടെ വളരെ വ്യത്യസ്തമായ വ്യക്തിത്വവും പ്രവർത്തനശൈലിയും നമ്മൾ കണ്ട് ആസ്വദിച്ചിട്ടുണ്ട്. ഞാൻ ജലസേചന വകുപ്പുമന്ത്രിയായിരുന്നപ്പോൾ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് എന്നെ സമീപിച്ചിട്ടുണ്ട്. എല്ലാവരോടും തുറന്ന് സംസാരിക്കുകയും രാഷ്ട്രീയം നോക്കാതെ അഭിപ്രായം പറയുകയും കുട്ടനാടിന്റെ പ്രശ്നങ്ങൾ വളരെ ഭംഗിയായി സഭയിൽ അവതരിപ്പിക്കുകയും ചെയ്ത ആളായിരുന്നു. ചാരിറ്റി പ്രവർത്തനങ്ങളിൽ വളരെ തുറന്ന സമീപനവും വാരിക്കോരി പണം കൊടുക്കാനുള്ള മനസ്സും കിട്ടിയതെല്ലാം തനിക്ക് സ്വന്തമല്ലെന്നുള്ള കാഴ്ചപ്പാടുമുള്ള വ്യക്തിയായിരുന്നു. മന്ത്രിയായിരുന്ന സമയത്ത് തന്റേതായ ശൈലിയിൽ മുന്നോട്ടു പോയപ്പോൾ നിയമപരമായ ചില കാര്യങ്ങളിലൊക്കെ പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിലും തോമസ് ചാണ്ടിയെക്കുറിച്ച് വ്യക്തിപരമായി ആർക്കും ഒരാക്ഷേപവും പറയാനുണ്ടെന്ന് തോന്നുന്നില്ല. തോമസ് ചാണ്ടി ഈ സഭയ്ക്ക് ഒരു അലങ്കാരമായിരുന്നു. ആ വിയോഗം തീരാനഷ്ടമാണ്; ആ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, അന്തരിച്ച പ്രിയപ്പെട്ട എം.എൽ.എ. തോമസ് ചാണ്ടിയെക്കുറിച്ച് ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും ഇവിടെപ്പറഞ്ഞ എല്ലാ കാര്യങ്ങളും ഞാനും ശരിവയ്ക്കുകയാണ്. അദ്ദേഹത്തിന്റെ നിര്യാണം ഞങ്ങളെ സംബന്ധിച്ചിടത്തോളം ആകസ്മികമായൊരു ആഘാതമായിരുന്നു. കാരണം, അങ്ങനെ സംഭവിക്കുമെന്ന് ഞങ്ങളിലാരെങ്കിലുമോ ഈ സഭയിലെ ആരെങ്കിലുമോ സംശയിച്ചിട്ടുപോലുമില്ലായിരുന്നു. അങ്ങനെയുള്ള സന്ദർഭത്തിലാണ് ഞങ്ങളെയും ആ കുടുംബത്തെയും കുട്ടനാടൻ പൗരസമൂഹത്തെയും വേദനിപ്പിച്ച് കടന്നുപോയിട്ടുള്ളത്. ഇവിടെ നേതാക്കൾ ശരിയായി നിരീക്ഷിച്ചതുപോലെ വിദ്യാർത്ഥി പ്രവർത്തകനെന്നുള്ള നിലയിലാണ് തോമസ് ചാണ്ടി രാഷ്ട്രീയപ്രവർത്തനം ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ കുട്ടനാട് അസംബ്ലി മണ്ഡലത്തിന്റെ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്നു. ആ സമയത്ത് ഞാൻ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു. അന്നുമുതൽ പരിചയപ്പെടാൻ കഴിഞ്ഞിട്ടുള്ള പൊതുപ്രവർത്തകനാണ് ഞാൻ. പിന്നീട് അദ്ദേഹം സ്ഥിരമായി ആ രംഗത്ത് നിറഞ്ഞുനിൽക്കാനല്ല ശ്രമിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ജീവിത പ്രാരാബ്ധങ്ങളുമായി പടവെട്ടുമ്പോൾ മറ്റ് കാര്യങ്ങളിലേയ്ക്ക് തിരിഞ്ഞുപോകാൻ നിർബന്ധിതനാവുകയാണുണ്ടായത്. നാട്ടിൽനിന്നും വിദേശത്തേയ്ക്ക് പോയാൽ

രാഷ്ട്രീയമെല്ലാം മറന്ന് ആ മേഖലയിൽ മാത്രം പ്രവർത്തിച്ച് കഴിവ് തെളിയിക്കുന്ന സ്വഭാവമാണ് പലർക്കുമുള്ളത്. അത്തരത്തിൽ ഒരാളായി തോമസ് ചാണ്ടി മാറിപ്പോകുമെന്നാണ് എല്ലാവരും കരുതിയിരുന്നത്. എന്നാൽ സ്വന്തം പാർട്ടിയുമായുള്ള ബന്ധം എല്ലാക്കാലത്തും സ്ഥിരമായി നിലനിർത്താൻ ശ്രമിച്ചിട്ടുണ്ടെന്ന് ഇവിടെ പരോക്ഷമായെങ്കിലും ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചു. നേതാവാരാണെന്ന് ചോദിച്ചാൽ, ലീഡർ കെ. കരുണാകരനാണെന്ന് ഉറക്കത്തിൽപ്പോലും അദ്ദേഹം വിളിച്ചുപറയും. കെ. കരുണാകരന്റെ കടുത്ത ആരാധകനായി മാറി; ഡി.ഐ.സി. രൂപീകരിച്ച കാലത്ത് 2006-ൽ കുട്ടനാട്ടിൽ ഡി.ഐ.സി. സ്ഥാനാർത്ഥിയായി മത്സരിച്ചു. ആദ്യമത്സരത്തിൽത്തന്നെ കുട്ടനാടിന്റെ രാഷ്ട്രീയ ഭൂപടത്തെ മാറ്റിമറിച്ചുകൊണ്ട് അവിടത്തെ എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീടാണ് ഞങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്നത്. കെ. കരുണാകരനോടൊപ്പം എൻ.സി.പി.-യിൽ ചേർന്നുവെന്ന കാര്യം ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. അപ്പോഴാണ് നിയമസഭയ്ക്ക് അകത്തും പുറത്തും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാനിടയായത്. ലീഡറോട് ഭയഭക്തി ബഹുമാനവും ആരാധനയുമെല്ലാമുണ്ടെങ്കിലും ലീഡർ തിരിച്ചുപോയപ്പോൾ ഉടുപ്പ് മാറുന്നതുപോലെ മാറാനുള്ളതല്ല രാഷ്ട്രീയമെന്ന ദൃഢവിശ്വാസത്തോടെ എൻ.സി.പി.-യിൽ ഉറച്ചുനിൽക്കുകയും ഞാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമാണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു. അതിൽ കാണിച്ച രാഷ്ട്രീയധീരത ഞങ്ങളെ എല്ലാക്കാലത്തും അതിശയിപ്പിച്ചിട്ടുണ്ട്. ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ, കുട്ടനാടിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടത്തിയ ഇടപെടലുകൾ എല്ലാവരും വിശദീകരിച്ചുകഴിഞ്ഞതാണ്. ഒരു കാര്യം മാത്രം കൂട്ടിച്ചേർക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 2,461 കോടി രൂപയുടെ കുട്ടനാട് പാക്കേജ് യാഥാർത്ഥ്യമാക്കുന്നതിന്റെ പിറകിൽ പ്രവർത്തിച്ച പ്രേരകശക്തി തോമസ് ചാണ്ടി മാത്രമായിരുന്നുവെന്ന് ഞാൻ പ്രത്യേകം ഓർമ്മിക്കുകയാണ്. അന്നത്തെ എൻ.സി.പി.-യുടെ അഖിലേന്ത്യാ പ്രസിഡന്റ്, ശ്രീ. ശരദ് പവാർ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് അദ്ദേഹത്തെ ചെന്നുകണ്ട്, ഡോ. സ്വാമിനാഥനെ കുട്ടനാട്ടിലേയ്ക്ക് അയച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു പാക്കേജ് നടപ്പിലാക്കാൻ ശ്രമിച്ചത്. എന്നാൽ അദ്ദേഹം ആഗ്രഹിച്ചതുപോലെ ആ പാക്കേജിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ; അദ്ദേഹത്തോടുള്ള ഒരു ആദരവ് എന്ന നിലയിൽ ഈ ഗവൺമെന്റ് വീണ്ടും കുട്ടനാടിനുവേണ്ടി ഒരു സ്പെഷ്യൽ പാക്കേജുണ്ടാക്കാൻ ശ്രമിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സഭാംഗങ്ങളോടും നന്ദി രേഖപ്പെടുത്താൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് ഇനിയും

ഏറെ വിശദീകരിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അന്ന് നമ്മൾ കുട്ടനാട്ടിൽ കണ്ടത് കരയുന്ന മനുഷ്യരെയാണ്. അപ്പോഴാണ് കുട്ടനാട്ടിലെ ജനതയുടെ വേദനിക്കുന്ന മനസ്സുകളിൽ ജീവിക്കുന്ന ഒരു മനുഷ്യനായി തോമസ് ചാണ്ടി എങ്ങനെയാണ് വളർന്ന് വികാസം പ്രാപിച്ചതെന്ന് നമുക്കെല്ലാവർക്കും ബോദ്ധ്യമാകുന്നത്. കുട്ടനാട്ടിലെ ജനങ്ങളെ അങ്ങോട്ടും ജനങ്ങൾ ഇങ്ങോട്ടും സ്നേഹിച്ചു. ആ ജനകീയ സ്നേഹമാണ് അവിടെ തുടർച്ചയായി ജയിക്കാൻ പ്രാപ്തനാക്കിയത്. മനുഷ്യസ്നേഹി, വ്യവസായ പ്രമുഖൻ, രാഷ്ട്രീയ പ്രവർത്തകൻ, നിയമസഭാ സാമാജികൻ, മന്ത്രി എന്നിങ്ങനെ എല്ലാ നിലകളിലും ചെല്ലുന്നിടത്തെല്ലാം കഴിവുകൾ തെളിയിച്ച് വിജയം കൈവരിച്ച ഉന്നതനായ ഒരു രാഷ്ട്രീയ നേതാവിന്റെ നിര്യാണം ഞങ്ങളെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണ്. ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം താങ്ങാനാവുന്നതിലും ഏറെ പ്രയാസമുള്ളതാണ്; ഈ സഭയ്ക്കാകെ വേദനയുള്ളതുമാണ്. ആ വേദനയിലും ദുഃഖത്തിലും പങ്കുചേർന്നുകൊണ്ട് ഞങ്ങളുടെ പാർട്ടിയുടെ ആദരാഞ്ജലി ഒരിക്കൽക്കൂടി അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാന്യരായ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളുമൊക്കെ ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കഴിഞ്ഞ സഭാ സമ്മേളനത്തിൽ അദ്ദേഹം വന്നപ്പോൾ വളരെ ക്ഷീണിതനായി കാണപ്പെട്ടു. അന്ന് സംസാരിച്ചപ്പോൾ ആ വാക്കുകളിൽ നിറഞ്ഞുനിന്നത് പ്രതീക്ഷയും പ്രത്യാശയും ധൈര്യവുമായിരുന്നു. തോമസ് ചാണ്ടിയെ ബാധിച്ച രോഗം ഗുരുതരമാണെന്ന് ബോദ്ധ്യം ഉണ്ടായിരുന്നുവെങ്കിലും ആ ധൈര്യം തന്നെയാണ് ചികിത്സ ഫലപ്രദമായി ഏറെ വർഷങ്ങൾ മുന്നോട്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ജീവിതത്തോട് എങ്ങനെ പടവെട്ടിനിന്നോ, എങ്ങനെയൊരു സാമ്രാജ്യം പടുത്തുയർത്തിയോ അതേ മനക്കരുത്തോടെ രോഗത്തെ അഭിമുഖീകരിച്ചിരുന്നുവെന്നതും അതിനെ അതിജീവിക്കാൻ ഒരുപരിധിവരെ കഴിഞ്ഞിരുന്നുവെന്നതും വാസ്തവമാണ്. എന്നാൽ, വിധി മറ്റൊന്നാണ്. ഇവിടെ പ്രതിപാദിച്ചതുപോല, വ്യവസായി, സംരംഭകൻ, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിലൊക്കെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വളരെ വിലപ്പെട്ടതുതന്നെയാണ്. അദ്ദേഹം എം.എൽ.എ. ആയത് ഒരു വ്യവസായി എന്ന നിലയിലല്ല, നിസ്വാർത്ഥനായ ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽത്തന്നെയാണ് ആ അംഗീകാരം ലഭിച്ചതെന്ന് ഞാൻ കരുതുകയാണ്. 2006-ൽ ലീഡർ അദ്ദേഹത്തിന് ഡി.ഐ.സി.-യിൽ സീറ്റ് നൽകുമ്പോൾ വ്യവസായിയെന്ന നിലയിലല്ല മറിച്ച്, ഒരു പഴയ കെ.എസ്.യു.-കാരൻ/യൂത്ത്

കോൺഗ്രസ്സുകാരൻ എന്ന പരിഗണനയിൽ തന്നെയാണ് നൽകിയത്. ലഭിച്ച അവസരങ്ങൾ സ്വന്തം മണ്ഡലത്തിനും നാടിനുംവേണ്ടി നന്നായി വിനിയോഗിക്കാൻ കഴിഞ്ഞു. അദ്ധ്വാനത്തിന്റെ ഒരു ഭാഗം സാധാരണക്കാരന് നൽകണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പണമുണ്ടാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതിന്റെ ഒരു ഭാഗം ആവശ്യക്കാരനും സാധാരണക്കാരനും പാവപ്പെട്ടവനും നൽകാനുള്ള മനസ്സ് അദ്ദേഹം വച്ചുപുലർത്തിയിരുന്നു. അത് എല്ലാ വ്യവസായികൾക്കും ഉണ്ടാകണമെന്നില്ല; വിവിധ തലങ്ങളിലുള്ള സംഭാവനകൾ, വിദ്യാഭ്യാസ മേഖലയിൽ വിവിധ സ്കൂളുകൾ സ്ഥാപിച്ചതൊക്കെ ഗൾഫ് മലയാളികൾക്ക് ഏറെ പ്രയോജനപ്പെട്ട ഒന്നുതന്നെയാണ്. നാട്ടിലും ടൂറിസം മേഖലയിലും മറ്റും വിവിധ സംരംഭങ്ങളുണ്ടായിരുന്നു. നിയമസഭാ സാമാജികനെന്ന നിലയിലുള്ള അനുഭവങ്ങൾ പങ്കുവയ്ക്കാനും അത് പ്രായോഗികതലത്തിൽ കൊണ്ടുവരാനുമൊക്കെ പരിശ്രമിച്ചിരുന്നുവെന്നത് വാസ്തവമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ആ വേർപാടിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു; കുടുംബാംഗങ്ങളുടെ ദുഃഖത്തോടൊപ്പം ഞാനും പങ്കുചേരുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കന്മാരും ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളോടൊപ്പം ഞാനും പങ്കുചേരുകയാണ്. തോമസ് ചാണ്ടി എന്ന ഈ സഭയിലെ വ്യക്തിയും വ്യക്തിത്വവും രാഷ്ട്രീയ-വാണിജ്യ-വ്യാവസായിക രംഗങ്ങളിൽ ഇന്ത്യയ്ക്കകത്തും പുറത്തും ഒരുപോലെ ശ്രദ്ധേയനായത് ആത്മാർത്ഥതയും സമർപ്പണബോധവും കഠിനാദ്ധ്വാനവും കൊണ്ടുതന്നെയാണ്. വിദ്യാർത്ഥി ജീവിതകാലംമുതൽ ആരംഭിച്ച പൊതുപ്രവർത്തന പാരമ്പര്യം രാഷ്ട്രീയരംഗത്ത് തുടരുകയും ഉയരുകയും ചെയ്തു. ഇവിടെ പ്രകടിപ്പിച്ചതുപോലെ, ലീഡർ കെ. കരുണാകരൻ എന്ന നേതാവിന്റെ സന്തതസഹചാരി എന്ന നിലയ്ക്കാണ് രാഷ്ട്രീയരംഗത്ത് ശ്രദ്ധിക്കപ്പെടാൻ തോമസ് ചാണ്ടിക്ക് കഴിഞ്ഞത്. ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് ഒരു വ്യവസായ പ്രമുഖന് എങ്ങനെ പ്രവർത്തിക്കാൻ കഴിയുമെന്നതിന്റെ അനുഭവസാക്ഷ്യമായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ അദ്ദേഹത്തെ പരിചയപ്പെടുന്നവർക്ക് ഒരു സഹോദരൻ, സുഹൃത്ത്, സഹപ്രവർത്തകൻ എന്നീ നിലയിലുള്ള ഹൃദയബന്ധമാണ് അനുഭവപ്പെടാറുള്ളത്. അദ്ദേഹത്തിന്റെ വേർപാട് കക്ഷി-രാഷ്ട്രീയ ജാതി-മതബന്ധങ്ങൾക്കെല്ലാം അതീതമായി ജനങ്ങൾക്ക് ബോദ്ധ്യമാകുന്നതും അതുകൊണ്ടുതന്നെയാണ്. കുട്ടനാട്ടിൽ ആ മൃതശരീരത്തിൽ ആദരാഞ്ജലി അർപ്പിക്കാൻ നമ്മൾ എല്ലാവരുമുണ്ടായിരുന്നു. അവിടെ ഒഴുകിയെത്തിയ

ജനങ്ങളിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരുമുണ്ടായിരുന്നു. അവരുടെ മുഖവും ഹൃദയവികാരവും കാണുമ്പോൾ, കുട്ടനാട്ടിലെ ജനങ്ങളും തോമസ് ചാണ്ടിയും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധം എന്തായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. വാണിജ്യ-വ്യവസായരംഗങ്ങളിൽ സുപ്രധാന പങ്ക് വഹിച്ചുകൊണ്ട് വ്യവസായ ഭൂപടത്തിൽ ഒരു സ്ഥാനം ഉറപ്പിക്കാൻ കഴിഞ്ഞ പ്രമുഖനായ സംഘാടകൻ എന്ന നിലയിലും രാഷ്ട്രീയരംഗത്തും ഭരണരംഗത്തും ഒരുപോലെയും ജനപ്രതിനിധിയെന്ന നിലയ്ക്ക് പ്രത്യേകിച്ചും സേവനബന്ധിതമായ പ്രവർത്തനങ്ങൾക്ക് കർമ്മമുഖം നൽകി മാതൃകാപരമായ പ്രവർത്തനം നടത്തിയ ഒരു സഹപ്രവർത്തകന്റെയും സുഹൃത്തിന്റെയും നേതാവിന്റെയും അകാലദേഹവിയോഗത്തിലുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്. ആ കുടുംബത്തിനും നാട്ടുകാർക്കും അദ്ദേഹത്തെ സ്നേഹിക്കുന്നവർക്കെല്ലാമുണ്ടായ ദു:ഖം വാക്കുകൾക്കതീതമാണ്. ആ ദുഃഖത്തിൽ ഞാനും കോൺഗ്രസ് (എസ്)-ഉം പങ്കുചേർന്നുകൊണ്ട് ഒരിക്കൽക്കൂടി അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഈ സഭയിൽ അംഗമായി വന്നതിനുശേഷമാണ് തോമസ് ചാണ്ടിയുമായി പരിചയപ്പെടാനിടയായത്. അതുകൊണ്ട് മുമ്പ് സംസാരിച്ച നേതാക്കന്മാർക്കുള്ളതുപോലെയുള്ള അനുഭവങ്ങളെപ്പറ്റിയൊന്നും എനിക്ക് പറയാനില്ല. ഞാൻ ഇവിടെ വന്നശേഷമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്, സാധാരണ രാഷ്ട്രീയ പ്രവർത്തകരുടെ ശൈലിയിൽനിന്നെല്ലാം വളരെ വ്യത്യസ്തമായി സാമ്പത്തിക ലാഭത്തിനുവേണ്ടിയോ ഏതെങ്കിലും ജാതിയെയോ, മതത്തിനെയോ, പ്രത്യേക വിഭാഗക്കാരെയോ തൃപ്തിപ്പെടുത്താൻ വേണ്ടിയല്ലാതെ പൊതുകാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രവർത്തകന്റേതായ കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് അദ്ദേഹം ഒരു മാതൃകാ പൊതുപ്രവർത്തകനായിരുന്നുവെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. നാടിന് ആവശ്യമുള്ളത് അതാണ്. അത്തരത്തിലുള്ള ഒരാൾ നഷ്ടപ്പെട്ടുപോയതിൽ എല്ലാവർക്കുമുള്ള ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സ്നേഹനിധിയായ ഒരു സഹപ്രവർത്തകനെയും സഹോദരനെയും നഷ്ടപ്പെട്ട സന്ദേശങ്ങളാണ് ഈ സഭയിൽ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളുമെല്ലാം രേഖപ്പെടുത്തിയ വാക്കുകളിലൂടെ മനസ്സിലാകുന്നത്. ലോകം കണ്ട ഒരു മനുഷ്യൻ, ഒരു പൊതുപ്രവർത്തകനായി. ഒരു ജനപ്രതിനിധിയായി ഈ സഭയിലും പുറത്തും തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ഹൃദയംതുറന്ന് പറയുന്നതിൽ ഒരു

മുൻകരുതലുകളുമില്ല. അതിൽ ആരെങ്കിലും എന്തെങ്കിലും വിചാരിക്കുമോ; അത് ശരിയാണോ തെറ്റാണോ; അദ്ദേഹത്തിന്റെ മനസ്സിൽ ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ തുറന്നുപറയാനുള്ള ഒരു നല്ല മനസ്സിന്റെ ഉടമയാണ് തോമസ് ചാണ്ടി. എം.എൽ.എ. ആകുന്നതിനുമുമ്പുതന്നെ കുട്ടനാടിന്റെ പുരോഗതിക്കുവേണ്ടി മറ്റൊന്നും ആഗ്രഹിക്കാതെ, എം.എൽ.എ. ആകുമെന്ന ആഗ്രഹത്തോടെയല്ലാതെ, കുടിവെള്ള പദ്ധതികളടക്കമുള്ളവയ്ക്ക് അദ്ദേഹത്തിന്റെ കയ്യിൽനിന്ന് പണം ചെലവഴിച്ചു. ഇന്ത്യയ്ക്ക് പുറത്തും വലിയ വ്യവസായ സാമ്രാജ്യങ്ങളും സ്കൂളുകളുമൊക്കെ സ്ഥാപിച്ചു. ഇതെല്ലാം വലിയൊരു സമൂഹത്തിന് ഗുണം ചെയ്തിട്ടുണ്ട്. എന്റെ അനുഭവത്തിൽനിന്ന് പറയുകയാണെങ്കിൽ, ആറോ ഏഴോ പേർക്ക് ജോലിക്കുവേണ്ടി ഞാൻ ശിപാർശ കത്ത് കൊടുത്തിട്ട് അതിൽ ഒന്നുപോലും തള്ളിക്കളഞ്ഞിട്ടില്ല. ഇന്ന് ആ കുടുംബങ്ങൾ എന്റെ കൺമുന്നിൽ സന്തോഷത്തോടെ ജീവിക്കുന്നത് കാണുമ്പോൾ അദ്ദേഹം എത്ര വലിയ മനുഷ്യനായിരുന്നുവെന്ന് നന്ദിയോടെ ഞാൻ ഇപ്പോഴും ഓർക്കുകയാണ്. അനേകർക്ക് തൊഴിൽ നൽകി ആ കുടുംബങ്ങളെ രക്ഷിച്ചിട്ടുണ്ട്. അതൊരു വലിയ കാര്യമാണ്; അത് എല്ലാവർക്കും കഴിയുന്ന കാര്യമല്ല. അദ്ദേഹത്തിന്റെ സ്ഥാപനങ്ങളിലെ തൊഴിലാളികളെയെല്ലാം സ്നേഹത്തോടെ കൈകാര്യം ചെയ്യുകയും അവർക്ക് നല്ല ജീവിത സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്തിട്ടുള്ള ഒരു നല്ല മനുഷ്യനാണ്. കുട്ടനാടിനെക്കുറിച്ച് ആര് എന്ത് പറഞ്ഞാലും, കുട്ടനാടിന്റെ വികസനം മാത്രമല്ല കുട്ടനാടിന്റെ പരിസ്ഥിതിയെക്കുറിച്ച്, കുട്ടനാടൻ കായലുകളിലെ മലിനീകരണത്തെക്കുറിച്ച് അദ്ദേഹത്തിന് വളരെയധികം വേദനയുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ബോട്ടിൽ കുട്ടനാട്ടിലെ കായലിലൂടെ യാത്ര ചെയ്യുമ്പോൾ മാലിന്യങ്ങൾ വന്നടിയുന്ന അപകടകരമായ സാഹചര്യം എനിക്ക് നേരിട്ട് കാണിച്ചു തരികയുണ്ടായി. നമ്മൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയാൽ എന്ത് തന്നാലും തൃപ്തിവരാത്ത ഒരു ആതിഥേയന്റെ മുഖമാണ്. സൽക്കാരപ്രിയരായ ആ കുടുംബവും സ്നേഹത്തോടെ എല്ലാവരെയും സൽക്കരിക്കുന്നത് നമ്മുടെ മനസ്സിൽനിന്നും മായാത്ത രംഗങ്ങളാണ്. സ്നേഹനിധിയായ മനുഷ്യൻ, സ്നേഹനിധിയായ ഒരു സഹോദരൻ നഷ്ടപ്പെട്ട ദുഃഖമാണ് നമുക്കെല്ലാവർ ക്കുമുള്ളത്. സത്യസന്ധനായ, അഴിമതിയില്ലാത്തൊരു നല്ല പൊതുപ്രവർത്തകനാണ് തോമസ് ചാണ്ടി. അദ്ധ്വാനത്തിലൂടെ, വിയർപ്പിലൂടെ സമ്പാദിച്ചതെല്ലാം സാധുക്കൾക്കും പാവങ്ങൾക്കും കൊടുക്കാൻ മനസ്സ് കാണിച്ച നല്ലൊരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖം അറിയിക്കുന്നതോടൊപ്പം ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, തോമസ് ചാണ്ടിയെന്ന സഹോദരന്റെ നിര്യാണം വളരെ വേദനാജനകമാണെന്ന് നമുക്കറിയാം. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷി നേതാക്കന്മാരും പറഞ്ഞ അഭിപ്രായത്തോടെല്ലാം ഞാനും യോജിക്കുകയാണ്. ഒരു പ്രവാസി വ്യവസായിക്ക് വേണമെങ്കിൽ നിയമസഭയിലും കടന്നുചെല്ലാൻ കഴിയുമെന്ന് തെളിയിച്ച അതിപ്രഗത്ഭനായ നേതാവാണ് തോമസ് ചാണ്ടി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം കാപട്യക്കാരനല്ല, കാപട്യം എന്താണെന്നറിയില്ല. സഭയിൽ എഴുന്നേറ്റുനിന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ബാർ ഹോട്ടൽ തുടങ്ങണമെന്ന് ശക്തമായി ആവശ്യപ്പെട്ടത് ഞാൻ ഓർക്കുകയാണ്. ആളുകളുടെ സ്വഭാവം നമുക്കറിയാം. പലരും അത് പറയാൻ മടിക്കും. പക്ഷെ പിറകിൽക്കൂടി സഹായിക്കുകയും ചെയ്യും. തോമസ് ചാണ്ടിക്ക് അങ്ങനെ ഒളിച്ചുകളിച്ചവടമൊന്നുമില്ല. അദ്ദേഹത്തിന്റെ ജീവിതം പരിശോധിച്ചാൽ വിദ്യാഭ്യാസ- വ്യവസായ മേഖലകളിൽ ചെയ്തിരിക്കുന്ന സേവനങ്ങൾ എത്രയോ മഹത്തരമാണെന്ന് മനസ്സിലാകും. മനുഷ്യജീവിതം നൈമിഷികമായ ഓർമ്മകൾക്കുശേഷം മാഞ്ഞു പോകും. വലിയൊരു വെള്ളപ്പൊക്കത്തിൽ ഒഴുകിവരുന്ന പൊങ്ങുതടിയിൽ വന്നിരിക്കുന്ന കാക്ക ഒരു പ്രാവശ്യം തടിതിരിയുമ്പോൾ പറന്നുപോകുമെന്ന് നമുക്കറിയാം. അതുപോലെയാണ് മനുഷ്യ ജീവിതത്തിലെ ഓർമ്മകളും. പക്ഷെ, പ്രിയങ്കരനായ തോമസ് ചാണ്ടിയുടെ ഓർമ്മ അങ്ങനെയല്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തടിമറിഞ്ഞപ്പോൾ കാക്ക പറന്നുപോയതുപോലെ തോമസ് ചാണ്ടിയുടെ ഓർമ്മകൾ സാധാരണക്കാരിൽനിന്നും മാഞ്ഞുപോകുമെന്ന് ഞാൻ കരുതുന്നില്ല. അതുപോലെതന്നെ വലിയ കരിങ്കല്ലുണ്ട്. പക്ഷെ ആ വലിയ കരിങ്കല്ലുകൊണ്ട് സമൂഹത്തിന് എന്ത് നേട്ടം? പക്ഷെ ഒരു മിന്നൽപ്പിണർ കൊണ്ട് വഴിയാത്രക്കാരന് ചെറിയ പ്രകാശം കിട്ടി അപകടം കൂടാതെ നടന്നുപോകാൻ കഴിയും. അപ്പോൾ ആ പാറക്കൂട്ടങ്ങളെക്കാൾ എത്രയോ മഹത്തരമാണ് മിന്നൽപ്പിണർ എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. അതുപോലെ പ്രിയങ്കരനായ തോമസ് ചാണ്ടി ഒരു മിന്നൽപ്പിണറിന്റെ സ്ഥാനത്തുനിന്നുകൊണ്ട് കുട്ടനാട്ടുകാർക്കും മറ്റുള്ളവർക്കും മാതൃകയായി പ്രവർത്തിച്ചുവെന്നതാണ് പ്രധാന കാര്യം. ഒരു ചെറിയ കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. കുട്ടനാട് പാക്കേജിനെപ്പറ്റി ഗതാഗത വകുപ്പുമന്ത്രി, ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞു. അദ്ദേഹം എത്രയോ ബുദ്ധിമുട്ടി കൊണ്ടുവന്നതാണ് കുട്ടനാട് പാക്കേജ്;അതിന് എന്തു പറ്റി; എന്തുകൊണ്ട് തകർന്നു; കുട്ടനാട് പാക്കേജ് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ നശിപ്പിച്ചത് ആരാണെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഇപ്പോൾ ആദരണീയനായ ഗവർണ്ണറെക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുട്ടനാട് പാക്കേജിനെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ വായിപ്പിച്ചു.

നന്നായി, സന്തോഷം തോന്നുന്നു. തോമസ് ചാണ്ടിയോടുള്ള ബഹുമാനസൂചകമായി അന്ന് പ്രഖ്യാപിച്ച കുട്ടനാട് പാക്കേജ് എത്രയുംവേഗം നടപ്പാക്കാനുള്ള ശ്രമം നടത്തണമെന്ന് ഞാൻ വിനയപുരസ്സരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. തോമസ് ചാണ്ടിയുടെ നിര്യാണത്തിൽ വേദനിക്കുന്ന വലിയൊരു സമൂഹമുണ്ട്. കുടുംബത്തിലെ ഒരംഗം നഷ്ടപ്പെട്ട വേദനയിൽ കഴിയുന്ന കുടുംബാംഗങ്ങളോട് ഞാൻ എന്റെ വേദന അറിയിക്കുന്നു. തോമസ് ചാണ്ടിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. നന്ദി, നമസ്കാരം.

മി. സ്പീക്കർ: അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II. അറിയിപ്പ്

### പരിശീലന പരിപാടി

മി. സ്പീക്കർ: നാം ഇ-നിയമസഭയിലേയ്ക്ക് പ്രവേശിച്ച സാഹചര്യത്തിൽ അതിന്റെ പരിശീലനങ്ങൾ തുടർച്ചയായി ലഭ്യമാണ്. സഭാ സമ്മേളനം പിരിഞ്ഞതിനുശേഷം ഇന്നും ആവശ്യമായ അംഗങ്ങൾക്ക് പരിശീലനം നൽകുന്നതാണ്. അതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ട്. അടുത്തയാഴ്ച ഏത് സമയത്ത് വന്നാലും സാമാജികർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനത്തിൽ പങ്കാളികളാകാം. സ്പീക്കറുമായി ചാറ്റുചെയ്യാൻ കുറെ അംഗങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. സഭയിലെ എല്ലാ അംഗങ്ങളും ചാറ്റ് ചെയ്താൽ മറുപടി പറയൽ അത്ര എളുപ്പമായിരിക്കില്ല. അതുകൊണ്ട് അത്യാവശ്യ കാര്യങ്ങൾക്കുമാത്രം ചാറ്റ് ചെയ്യുന്നതാണ് നല്ലത്.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.56-ന് പിരിഞ്ഞു.)